



ബാലോത്സവം മൻപ്രീത്സിംഗ് ഉദ്ഘാടനം ചെയ്യുന്നു

# ആവേശം പകർന്ന ബാലോൽസവം 2013

**സ്വലാല:** കുട്ടികൾക്കും രക്ഷിതാക്കൾക്കും ആവേശം പകർന്ന മലർവാടി ബാലോത്സവം സ്വലാലയിലെ പ്രവാസി സമൂഹത്തിന്റെ ആഘോഷമായി. കത്തുന്ന വേനൽ ചൂടിലും ഒരു പകൽ മുഴുവൻ വൈവിധ്യമാർന്ന മത്സരങ്ങളിൽ ഉന്മേഷത്തോടെ പങ്കെടുത്ത കുട്ടികൾക്ക് അവധിക്കാലത്തിന്റെ ആലസ്യത്തിൽ നിന്നുള്ള മോചനമായി ഈ ഒത്തുകൂടൽ. ബാലോത്സവത്തിന്റെ ഉദ്ഘാടനം ഇന്ത്യൻ സോഷ്യൽ ക്ലബ് ചെയർമാനും കോൺസുലാർ ഏജന്റുമായ മൻപ്രീത് സിംഗ് നിർവഹിച്ചു. സലാല പബ്ലിക് പാർക്കിലായിരുന്നു പരിപാടികൾ.

4 മുതൽ 12 വയസ്സുവരെയുള്ള നാനൂറോളം കുട്ടികളാണ് ഇരുപതോളം വ്യക്തിഗത മത്സരങ്ങളിൽ മാറ്റുരച്ചത്. കിഡിസ്, സബ്ജൂനിയർ, ജൂനിയർ, സീനിയർ എന്നിങ്ങനെ നാല് വിഭാഗങ്ങളായാണ് മത്സരങ്ങൾ നടത്തിയത്. വ്യക്തിഗത മത്സരങ്ങളിൽ ബാരൽ ബാലൻസിംഗ്, റോപ്പ് ക്ലൈമ്പിംഗ്, ബാർ ക്രോസിംഗ്, ബലൂൺ പൊട്ടിക്കൽ, മരം കയറ്റം തുടങ്ങിയവ കുട്ടികൾക്ക് ഹരമായി. മത്സരങ്ങളിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടിയവർ കിഡ്സ്: റാണിയ സഹ, ഫാത്വിമതുൽ നാസിഫ, അനന്തനാരായണൻ. സബ് ജൂനിയർ: അഫ്രീദ് അശ്റഫ്, നെഹാന ഫർഹ, ദിൻരാജ് രാജേഷ്. ജൂനിയർ: നദ ബഷീർ, നദ സൈനുദ്ദീൻ, ഷമ്മാസ്. സീനിയർ: മുഹമ്മദ് അഷ്താഫ്, സഹല, സ്വരൂപ്.

സമ്മാനദാന ചടങ്ങിൽ ഐ.എം.ഐ. പ്രസിഡന്റ് കെ. ഷൗക്കത്തലി മാസ്റ്റർ അധ്യക്ഷത വഹിച്ചു. രാജേഷ് മഠത്തിൽ (റീജ്യണൽ സെയിൽസ് മാനേജർ, അൽമറായി), പി.എം ഫൈസൽ(അക്കൗണ്ട്സ് മാനേജർ, ദോഫാർ ബേബീസ്), കെ. സൈനുദ്ദീൻ(പാർട്ണർ, വൺ വേൾഡ് ട്രാവൽസ്) എ. സുബൈർ കുഞ്ഞ്(കൺവീനർ, ഡയലോഗ് സെന്റർ, സ്വലാല) എന്നിവർ വിജയികൾക്കുള്ള സമ്മാനങ്ങൾ വിതരണം ചെയ്തു. ഐ.എം.ഐ. സ്വലാല ജനറൽ സെക്രട്ടറി യു.എ ലത്വീഫ്, യൂത്ത് അസോസിയേഷൻ ഓഫ് സ്വലാല പ്രസിഡന്റ് കെ.പി അർഷദ്, ജനറൽ സെക്രട്ടറി അബ്ദുല്ല മുഹമ്മദ്, മലർവാടി ബാലസംഘം സ്വലാല കോർഡിനേറ്റർ സലീൽ ബാബു, സെക്രട്ടറി നൗഷാദ് മൂസ എന്നിവർ ബാലോത്സവത്തിന് നേതൃത്വം നൽകി.

# ആത്മ വിചാരണക്ക് വിശ്വാസികൾ തയാറാവുക –ഡോ. ആർ. യൂസുഫ്

**ദോഹ:** ദൈവം മനുഷ്യന് നൽകിയ പരിമിതമായ ജീവിത വിഭവങ്ങളിൽ സംതൃപ്തിയടഞ്ഞ് നന്ദിയോടെ ജീവിതം നയിക്കുകയും ആഢംബരത്തിന്റെയും ധൂർത്തിന്റെയും നിറപ്പകിട്ടിൽ അടിപതറാതെ വിശ്വാസികൾ പരലോകമോക്ഷത്തിനായി സ്വയം വിചാരണ നടത്തി തയാറെടുക്കുകയും ചെയ്യേണ്ടതുണ്ടെന്ന് ഡോ. ആർ. യൂസുഫ് (ഇന്റർനാഷ്നൽ ഇസ്ലാമിക് യുനിവേഴ്സിറ്റി, മലേഷ്യ) അഭിപ്രായപ്പെട്ടു. ഭൗതിക ജീവിതത്തിലെ വിജയത്തിനായി ആലോചനകളും പദ്ധതികളും ആവിഷ്ക്കരിക്കുന്ന നാം മരണാനന്തര ജീവിത വിജയത്തിനായി തയാറെടുപ്പുകൾ നടത്തുന്നില്ലെന്നതാണ് യാഥാർഥ്യം. ജീവിതത്തിലെ പോരായ്മകൾ നികത്തി സത്കർമങ്ങൾ കൊണ്ട് ജീവിതത്തെ ധന്യവും സമ്പന്നവുമാക്കേണ്ടതുണ്ട്. പരിശുദ്ധ ഖുർആന്റെയും പ്രവാചകന്റെയും അധ്യാപനങ്ങൾ ജീവിതത്തിൽ പകർത്തി വിശ്വാസികളെന്നനിലക്ക് സമൂഹത്തോടുള്ള ബാധ്യതകൾ മുസ്ലിം സമൂഹം നിറവേറ്റേണ്ടതുണ്ടെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു. ഇന്ത്യൻ ഇസ്ലാമിക് അസോസിയേഷൻ ദോഹ മേഖല സംഘടിപ്പിച്ച 'നമസ്കാരം വിശ്വാസിയുടെ മിഅ്റാജ്' എന്ന കാമ്പയിന്റെ ഭാഗമായി 'വീണ്ടുവിചാരം തേടുന്ന ജീവിതം' എന്ന വിഷയത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഫാരിസ് അബ്ദുല്ല ഖിറാഅത്ത് നടത്തി. നൗഷാദ് വടുതല സ്വാഗതം ആശംസിച്ചു. 'നമസ്കാരം വിശ്വാസിയുടെ മിഅ്റാജ്' എന്ന വിഷയത്തിൽ താജ് ആലുവ ക്ലാസ്സെടുത്തു. ദോഹ മേഖലാ പ്രസിഡന്റ് പി.എം അബൂബക്കർ മാസ്റ്റർ അധ്യക്ഷത വഹിച്ചു. ഇന്ത്യൻ ഇസ്ലാമിക് അസോസിയേഷൻ പ്രസിഡന്റ് കെ.ടി അബ്ദുറഹ്മാൻ ഉദ്ഘാടനം ചെയ്തു. മേഖലാ വൈസ് പ്രസിഡന്റ് ടി.കെ മുഹമ്മദ് കുഞ്ഞി നന്ദി പറഞ്ഞു. സുമയ്യ നസ്റുദ്ദീൻ ഗാനമാലപിച്ചു.

*'വീണ്ടുവിചാരം തേടുന്ന ജീവിതം' എന്ന വിഷയത്തിൽ ഡോ.ആർ. യൂസുഫ് സംസാരിക്കുന്നു*







# മലർവാടി ബാലോത്സവത്തിനു വർണാഭമായ തുടക്കം

**റിയാദ്**: 'ഒരുമിക്കാം... ഒത്തു കളിക്കാം' എന്ന ശീർഷകത്തിൽ മലർവാടി ബാലസംഘം സുഊദിയിൽ നടത്തുന്ന ബാലോത്സവത്തിന് ഔപചാരിക തുടക്കമായി. റൗദ, നസീം, മലസ് മേഖലയിൽ നൂറുകണക്കിനു കുടുംബങ്ങൾ പങ്കെടുത്ത ബാലോത്സവം കളിക്കളത്തിനു മലർവാടി രക്ഷാധികാരി സിദ്ദീക്ക് ബിൻ ജമാൽ തുടക്കം കുറിച്ചു. പ്രവാസത്തിന്റെ ഏകാന്തതയിൽ വൈരസ്യമനുഭവിക്കുന്ന കുരുന്നുകൾക്ക് നാട്ടറിവുകളുടെയും നാടൻ കളികളുടെയും ചെപ്പു തുറന്ന മലർവാടി കളിക്കളം അവിസ്മരണീയ വിരുന്നൊരുക്കി. കിഡ്സ്, ജൂനിയർ, സീനിയർ വിഭാഗങ്ങൾക്കായി കിക്ക്ഔട്ട്, പുഷ്പുൾ, മാർക്കറ്റിംഗ് ഗെയിം, വാട്ടർ പാസ്സിംഗ്, പേപ്പർ വാകിംഗ് തുടങ്ങി ഒട്ടേറെ കളികൾ നടന്നു. രക്ഷിതാക്കളും മലർവാടി റിസോഴ്സുകളും പ്രവാസി ബാല്യത്തിന്റെ ആഹ്ലാദ തിമർപ്പുകളിലും കളിയാരവങ്ങളിലും ഒപ്പം ചേർന്നു. പുതു ലോകത്തിന്റെ യാന്ത്രിക സംസ്കാരത്തിൽ നമ്മുടെ കുട്ടികൾക്കന്യമായിക്കൊണ്ടിരിക്കുന്ന കളികൾ പരിചയപ്പെടുത്താനും അവ പ്രസരിപ്പിക്കുന്ന ഊർജവും നന്മകളും പങ്കുവെക്കാനും കളിക്കളം സഹായകരമായി. പഴയകാല കളികൾ നമുക്ക് നഷ്ടപ്പെടുന്ന ഒരു സംസ്കാരത്തിന്റെ മായാത്ത അടയാളം കൂടിയാണെന്ന് നമ്മെ ഓർമിപ്പിക്കുന്നു.

മത്സരാധിഷ്ഠിതമായ പുതിയ വിദ്യാഭ്യാസപ്രക്രിയയിൽ അവഗണിക്കപ്പെട്ടു പോയ കുട്ടിത്തം അവർക്ക് തിരിച്ചു നൽകാൻ മലർവാടി പ്രതിജ്ഞാബദ്ധമാണെന്നും കളിയിലൂടെയും ആഘോഷങ്ങളിലൂടെയും മലർവാടി നടത്തുന്നത് അത്തരത്തിലുള്ള ഇടപെടലുകളാണെന്നും സമാപന സന്ദേശത്തിൽ മലർവാടി സോണൽ കോഡിനേറ്റർ അഷ്റഫ് കൊടിഞ്ഞി പറഞ്ഞു. പോസ്റ്റർ രചന, പെയിന്റിംഗ്, കളറിംഗ് എന്നിവയിൽ മത്സരങ്ങൾ നടന്നു. സമാന്തരമായി രക്ഷിതാക്കൾക്ക് വേണ്ടി കുടുംബ സാമൂഹിക രംഗത്തെ നൂതന പ്രവണതകളെ കുറിച്ച ബോധവൽക്കരണ ക്ലാസ് മലർവാടി സീനിയർ റിസോഴ്സുകളായ സബീൽ റഹ്മാൻ, ലത്വീഫ് ഓമശ്ശേരി, ഉമർ മാസ്റ്റർ എന്നിവർ നടത്തി.

മലർവാടി സീനിയർ റിസോഴ്സ് അംഗം റഷീദ് അലി കൊയിലാണ്ടി സംസാരിച്ചു. കളികൾക്ക് സലിം ബാബു, എ.സി.എം. ശംസുദ്ദീൻ, ഉമർ കോഴിശ്ശേരി, റഷീദ് മീഞ്ചന്ത, അയ്യൂബ്, സിദ്ദീഖ്, ബഹ്ജ, ശബീബ, സഫരിയ, ഹനീഫ്, സുമയ്യ, ആഇശ അയ്യൂബ് എന്നിവർ നേതൃത്വം നൽകി.

അബ്ദുർറഹ്മാൻ മാറായി, സാജിദ് ചേന്ദമംഗല്ലൂർ, അഷ്റഫ് മേലാറ്റൂർ, സകരിയ പനക്കൽ, അബ്ദുൽ അസീസ്, അബു പൂക്കോട്ടൂർ, റഹ്മത്തെ ഇലാഹി, കെ. നഈമ കരീം ശബ്ന, ഫൗസിയ, സാബിറ എന്നിവർ നേതൃത്വം നൽകി.

മുഹമ്മദ് അശ്ഫാഖ്, റഹ്മത്തുല്ല, റഷീദ് വാഴക്കാട്, അബ്ദുൽ അസീസ്, അനീസ്, ശാഹിദ ബഷീർ, സലിം, ഷീബ ജഹാംഗീർ എന്നിവർ കളിക്കളം നിയന്ത്രിച്ചു.

# വിശുദ്ധ ഖുർആനിന്റെ ജീവിക്കുന്ന സാക്ഷികളാവുക- മുഹമ്മദ് സദാഖത്ത്

**അൽഖോബാർ:** പരിശുദ്ധ ഖുർആൻ പഠനത്തോടൊപ്പം ഖുർആൻ മുന്നോട്ടുവെക്കുന്ന ആശയത്തിന്റെ ജീവിക്കുന്ന മാതൃകകളാകണമെന്ന് 'വമി' കിഴക്കൻ പ്രവിശ്യാ എക്സ്പാട്രിയേറ്റ് ദഅ്‌വാ വിഭാഗം സൂപ്പർവൈസർ മുഹമ്മദ് സദാഖാത്ത് ആഹ്വാനം ചെയ്തു. വമിയുടെ സഹകരണത്തോടെ 'തനിമ' അൽഖോബാർ മേഖല സംഘടിപ്പിച്ചു വരുന്ന ഖുർആൻ സ്റ്റഡി സെന്ററുകളുടെ വാർഷിക കുടുംബ സംഗമം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. വിവിധ മതവിജ്ഞാന ശാഖകളിൽ പ്രബലരായവർക്കുപോലും ഖുർആൻ പഠനത്തിലൂടെ മാത്രമേ യഥാർഥ സൂക്ഷ്മത കൈവരിക്കാൻ സാധിക്കുകയുള്ളൂവെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

അശ്റഫ് സലഫി കാരക്കാട് മുഖ്യ പ്രഭാഷണം നടത്തി. സ്വഭാവമര്യാദകൾ, കുടുംബ കാര്യങ്ങൾ, സാമൂഹിക സാമ്പത്തിക മേഖലകൾ തുടങ്ങിയ മുഴുവൻ മേഖലകളിലും വ്യക്തമായ വീക്ഷണമവതരിപ്പിക്കുന്നതു കൊണ്ടാണ് ഖുർആൻ ഒരു സമ്പൂർണ ഗ്രന്ഥമാണെന്ന് പറയുന്നത്. എന്നാൽ, ഖുർആൻ പഠനം കേവലം വിജ്ഞാനത്തിനോ, കർമശാസ്ത്ര പ്രശ്നപരിഹാരത്തിനോ ആസ്വാദനത്തിനോ വേണ്ടിയുള്ളതല്ല. ഖുർആനും ജീവിതവും രണ്ട് വഴിക്കാവാൻ ഇടവരരുതെന്നും അദ്ദേഹം പറഞ്ഞു. പാവപ്പെട്ടവന്റെയും പ്രയാസപ്പെടുന്നവന്റെയും പ്രശ്നങ്ങൾ താൻ പഠിച്ച ഖുർആൻ ഉൾക്കൊണ്ട് എങ്ങനെ പരിഹരിക്കാനാവുമെന്ന് ചിന്തിക്കണമെന്നും അദ്ദേഹം ഉണർത്തി.

തനിമ സോണൽ പ്രസിഡന്റ് എൻ. ഉമർ ഫാറൂഖ് അധ്യക്ഷത വഹിച്ചു. സ്റ്റഡി സെന്റർ പഠിതാക്കളുടെ അനുഭവങ്ങൾ സദസ്യരുമായി പങ്കുവെച്ചു. പി.എം. അലിയാർ സ്വാഗതവും മുസ്ത്വഫ ആനക്കര നന്ദിയും പറഞ്ഞു. ഹബീബ് ഖിറാഅത്ത് നടത്തി. ഖുർആൻ സ്റ്റഡി സെന്റർ രണ്ടും മൂന്നും വർഷ വിജയികൾക്കും, അല്‍ബിയ്യ ഖുർആനിക് സ്കൂൾ സുഊദി തലത്തിൽ നടന്ന അഞ്ച്, ഏഴ് ക്ലാസുകളിലെ റാങ്ക് ജേതാക്കൾക്കും സമ്മാനങ്ങളും സർട്ടിഫിക്കറ്റുകളും വിതരണം ചെയ്തു. നൂറുദ്ദീൻ ആലുവ, മുഹമ്മദ് പക്ദീരി, ബുഷ്റ സ്വലാഹുദ്ദീൻ എന്നിവരാണ് സമ്മാനവിതരണം നടത്തിയത്.



*അൽഖോബാർ ഖുർആൻ സ്റ്റഡി സെന്റർ വാർഷിക കുടുംബ സംഗമം 'വമി' പ്രതിനിധി മുഹമ്മദ് സദാഖത്ത് ഉദ്ഘാടനം ചെയ്യുന്നു.*

# 'സംസ്കാരം വീണ്ടെടുപ്പിന് സാധ്യതയില്ലാത്തവിധം നശിക്കപ്പെട്ടു'

**ദമ്മാം:** അധാർമികതയുടെയും സദാചാര ലംഘനത്തിന്റെയും കുത്തൊഴുക്കിൽ ഒരു വീണ്ടെടുപ്പിന് സാധ്യതയില്ലാത്തവിധം സംസ്കാരം തകർന്നുപോയ കാഴ്ചയാണ് ഇപ്പോൾ കാണുന്നതെന്ന് വെൽഫെയർ പാർട്ടി സംസ്ഥാന ട്രഷറർ പ്രഫ. പി. ഇസ്മാഈൽ അഭിപ്രായപ്പെട്ടു. ഹ്രസ്വ സന്ദർശനാർഥം സുഊദിയിൽ എത്തിയ അദ്ദേഹം മലപ്പുറം ജില്ല കൂട്ടായ്മയായ 'മിയ' ദമ്മാം റോസ് ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ച കുടുംബസംഗമത്തിൽ സംസാരിക്കുകയായിരുന്നു.



പ്രഫ.പി.ഇസ്മാഈൽ സംസാരിക്കുന്നു

മലപ്പുറത്തെ കുറിച്ച വികല ധാരണകളെ സർഗാത്മകമായും വൈജ്ഞാനികവുമായും പുതുതലമുറ തിരുത്തിയെഴുതുന്നത് അഭിനന്ദനാർഹമാണെന്ന് അധ്യക്ഷത വഹിച്ചു സംസാരിച്ച 'മിയ' പ്രസിഡന്റ് പി.ടി അബ്ദുർറഷീദ് വ്യക്തമാക്കി. മിയയുടെ ആഭിമുഖ്യത്തിൽ സേവനത്തിന്റെ പുതിയ മേഖലകളും സാധ്യതകളും കണ്ടെത്തി മുന്നോട്ടു പോകുമെന്ന് അദ്ദേഹം പറഞ്ഞു.

അഴിമതിയും അധാർമികതയും വാഴുന്ന സമകാലിക രാഷ്ട്രീയത്തിൽ, ക്ഷേമ രാഷ്ട്രത്തിന്റെ നിർമിതിക്ക് മാനവിക മൂല്യങ്ങൾ മുറുകെ പിടിക്കുന്ന രാഷ്ട്രീയ വീക്ഷണം ഉയർന്നു വരേണ്ടത് അനിവാര്യമാണെന്ന് വെൽഫെയർ പാർട്ടി മലപ്പുറം ജില്ല വൈസ് പ്രസിഡന്റ് എം.ഐ അബ്ദുർറഷീദ് അഭിപ്രായപ്പെട്ടു. സാമൂഹിക പ്രതിബദ്ധതയും സദാചാര-ധാർമിക മൂല്യങ്ങളുമുള്ള പൗര സമൂഹത്തിന്റെ വളർച്ചയിലൂടെ മാത്രമേ ക്രിയാത്മകമായ മാറ്റം സാധ്യമാവുകയുള്ളൂ. അദ്ദേഹം കൂട്ടിച്ചേർത്തു.

തനിമ അഖില സുഊദി പ്രസിഡന്റ് കെ.എം ബഷീർ, തനിമ ദമ്മാം സോണൽ പ്രസിഡന്റ് സി.പി മുസ്ത്വഫ, ബദർ ഖുർആൻ സ്റ്റഡി സെന്റർ ചെയർമാൻ അബൂബക്കർ എന്നിവർ മിയ കൂട്ടായ്മക്ക് ആശംസ നേർന്നു. മുസ്ത്വഫ നദ്‌വിയും സംഘവും സ്വാഗത ഗാനം ആലപിച്ചു. അഷ്ഫാഖ് അബ്ദുർറഹ്മാൻ ഖിറാഅത്ത് നടത്തി. അസ്കർ സ്വാഗതവും സലീം ബാബു നന്ദിയും പറഞ്ഞു.



കുവൈത്തിൽ ഹ്രസ്വ സന്ദർശത്തിനെത്തിയ പ്രശസ്ത മാധ്യമ പ്രവർത്തക കെ.കെ ഷാഹിനയെ ഇസ്‌ലാമിക് വിമൻസ് അസോസിയേഷൻ(ഐവ) കേന്ദ്ര ഭാരവാഹികൾ സന്ദർശിച്ചപ്പോൾ

## ക്വിസ് മത്സരം സംഘടിപ്പിച്ചു

**മസ്കത്ത്:** കേരള ഇസ്‌ലാമിക് അസോസിയേഷൻ സീബ് ഏരിയ 'മുഹമ്മദ് നബി' എന്ന വിഷയത്തിൽ സ്കൂൾ വിദ്യാർഥികൾക്ക് ക്വിസ് മത്സരം സംഘടിപ്പിച്ചു. ടി. ഇബ്റാഹീം (സുൽത്താൻ ഖാബൂസ് യൂനിവേഴ്സിറ്റി) നയിച്ച മത്സരത്തിൽ ഷാന ഒന്നാം സ്ഥാനവും ഹിസാ ഷാനവാസ് രണ്ടാം സ്ഥാനവും ഹനാ കാദർ, മിശാൽ മുസ്ത്വഫ എന്നിവർ മൂന്നാം സ്ഥാനവും നേടി. അബ്ദുസ്സമദ് കോഴിതൊടി വിജയികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു. സൈദ് മുഹമ്മദ് തിരൂർ അധ്യക്ഷത വഹിച്ചു. സ്വാദിഖ് ഉളിയിൽ നന്ദി പറഞ്ഞു.

## സ്റ്റുഡൻസ്ഇന്ത്യ ബുക്ക് ബാങ്ക്

**ദോഹ:** ഉപയോഗിച്ച സ്കൂൾ പാഠപുസ്തകങ്ങൾ ശേഖരിച്ചു ആവശ്യക്കാർക്ക് വിതരണം ചെയ്യുന്നതിനുവേണ്ടി സ്റ്റുഡൻസ് ഇന്ത്യ ബുക് ബാങ്ക് പ്രവർത്തനമാരംഭിച്ചു. ബുക്ക് ബാങ്ക് പുസ്തകങ്ങളുടെ വിതരണോദ്ഘാടനം യൂത്ത് ഫോറം പ്രസിഡന്റ് സാജിദ് റഹ്മാൻ നിർവഹിച്ചു. വിദ്യാർഥി പ്രതിനിധികൾ പുസ്തകങ്ങൾ ഏറ്റുവാങ്ങി. യൂത്ത്ഫോറം വിദ്യാർഥി വിഭാഗമായ സ്റ്റുഡന്റ്സ് ഇന്ത്യയുടെ പ്രവർത്തകരാണ് പുതിയ അധ്യയന വർഷത്തോടനുബന്ധിച്ച് പുസ്തകങ്ങൾ ശേഖരിച്ച് വിദ്യാർഥികൾക്ക് എത്തിക്കുന്നത്. ഇന്ത്യൻ സ്കൂളിലെ വിവിധ ക്ലാസുകളിലേക്കുള്ള പാഠപുസ്തകങ്ങൾ ആവശ്യമുള്ളവർക്ക് ഹിലാലിലെ യൂത്ത് ഫോറം ഓഫീസിൽ ലഭ്യമാണ്. പാഠപുസ്തകങ്ങളുടെ വില വർധിച്ച സാഹചര്യത്തിൽ പുസ്തകങ്ങൾക്ക് ആവശ്യക്കാർ ഏറെയാണെന്നും ഇതിനകം നൂറിലധികം വിദ്യാർഥികൾ ഈ സേവനം ഉപയോഗപ്പെടുത്തിയിട്ടുണ്ടെന്നും സ്റ്റുഡൻസ് ഇന്ത്യ ഭാരവാഹികൾ അറിയിച്ചു.

## സ്വീകരണം നൽകി

**ദോഹ:** ഹ്രസ്വ സന്ദർശനാർഥം ദോഹയിലെത്തിയ പ്രശസ്ത എഴുത്തുകാരനും ചിന്തകനുമായ എം.എം. നാരായണന് എഫ്.സി.സിയിൽ സ്വീകരണം നൽകി. നാട്ടിൽ നിന്ന് അകന്നു ജീവിക്കുന്നവർക്ക് ഭാഷ, സംസ്കാരം, സൗഹൃദം, സംഘാടനം എന്നിവക്ക് എഫ്.സി.സി നൽകുന്ന മുൻഗണന പ്രശംസനീയമാണെന്ന് അദ്ദേഹം പറഞ്ഞു. സംസ്കൃതി ഭാരവാഹികളായ അഹമ്മദ് കുട്ടി, പി.എൻ ബാബുരാജ്, മുൻ നോർക്ക ഡയറക്ടർ ശങ്കരൻ എന്നിവർ സന്നിഹിതരായിരുന്നു. റഫീഖ് മേച്ചേരി എഫ്.സി.സിയെ പരിചയപ്പെടുത്തി.



എം.എം. നാരായണൻ എഫ്.സി.സി ലൈബ്രറി സന്ദർശിച്ചപ്പോൾ



## ഐവ മോഡൽ പാർലമെന്റ് നടത്തി

**കുവൈത്ത്:** ഇസ്‌ലാമിക് വിമൻസ് അസോസിയേഷൻ (ഐവ) പ്രവാസി ഓഡിറ്റോറിയത്തിൽ 'ഇസ്‌ലാമിലെ സ്ത്രീ,' 'ജമാഅത്തെ ഇസ്‌ലാമിയും രാഷ്ട്രീയവും' എന്നീ വിഷയങ്ങളിൽ മോഡൽ പാർലമെന്റ് നടത്തി.

സ്പീക്കറായി വർദ അൻവർ, പ്രധാന മന്ത്രിയായി ആഇശ ഫൈസൽ, പ്രതിപക്ഷ നേതാവായി ഇ.എൻ നസീറ, മറ്റു മന്ത്രിമാരായി മഹ്ബൂബ അനീസ്, ത്വയ്യിബ അർഷദ്, വഹീദ, ജാസ്മിൻ ശുക്കൂർ, റസിയ ഷൗക്കത്ത്, ജുമൈല ഹബീബ് എന്നിവർ പങ്കെടുത്തു.

ബഹുഭാര്യത്വം, വിവാഹ മോചനം, പുരുഷ മേധാവിത്വം, സ്ത്രീധനം തുടങ്ങിയ വിഷയങ്ങളിലെ ഇസ്‌ലാമിക നിലപാടിനെ കുറിച്ച ചോദ്യങ്ങളും, ജമാഅത്തെ ഇസ്‌ലാമിയെക്കുറിച്ച് നാസ്തികരും കമ്യൂണിസ്റ്റുകാരും മുജാഹിദുകളുമൊക്കെ ഉന്നയിക്കുന്ന ചോദ്യങ്ങളും അവയ്ക്ക് ഖുർആന്റെയും ഹദീസിന്റെയും അടിസ്ഥാനത്തിൽ പറഞ്ഞ മറുപടികളും ശ്രദ്ധേയമായി.

ഐവ ജനറൽ സെക്രട്ടറി നിഷ അഷ്റഫ് മോഡൽ പാർലിമെന്റ് നിയമാവലി അവതരിപ്പിച്ചു.അമൽ അൻവർ സയീദ ഖിറാഅത്ത് നടത്തി.

## മജ്‌ലിസ് പൊതു പരീക്ഷ: ശാന്തിനികേതൻ മദ്രസക്ക് തിളക്കമാർന്ന ജയം

**ദോഹ:** മജ്‌ലിസ് എജുക്കേഷൻ ട്രസ്റ്റ് കേരള ഫെബ്രുവരിയിൽ നടത്തിയ ഏഴാം ക്ലാസ്സ് പൊതു പരീക്ഷയിൽ മൻസൂറയിലെ ശാന്തിനികേതൻ അൽ മദ്റസത്തുൽ ഇസ്‌ലാമിയയിലെ വിദ്യാർഥികൾ തിളക്കമാർന്ന വിജയം നേടി .

എ പ്ലസ് നേടിയ കെ.ടി ഷഹബാസ് ഫർസീൻ ഒന്നാം സ്ഥാനവും, നുസ്റ ശാക്കിർ രണ്ടാം സ്ഥാനവും എ ഗ്രേഡോടെ മുഹമ്മദ് ഹാദി മൂന്നാം സ്ഥാനവും കരസ്ഥമാക്കി. എ ഗ്രേഡ് നേടിയ മറ്റു വിദ്യാർഥികൾ: ആശ്മി അമീന, ഫഹീം അബ്ദുല്ല, അസ്മ നൂറുദ്ദീൻ, തൻസീഹ അബ്ദുൽ ഗഫൂർ, റിദ ബിസ്മി, ഇർഷാദുൽ ഹസ്സൻ.

കഴിഞ്ഞ രണ്ടു വർഷവും മജ്‌ലിസ് പരീക്ഷയിൽ മദ്റസക്ക് നൂറു ശതമാനം വിജയം ലഭിച്ചിരുന്നു . ഇന്ത്യൻ ഇസ്‌ലാമിക് അസോസിയേഷന് കീഴിൽ ശാന്തിനികേതൻ ഇന്ത്യൻ സ്കൂൾ മാനേജിംഗ് കമ്മിറ്റിയുടെ മേൽനോട്ടത്തിൽ നടക്കുന്ന മദ്റസയിൽ ഇപ്പോൾ നാനൂറോളം വിദ്യാർഥികൾ പഠിക്കുന്നുണ്ട് . ഉന്നത വിജയം നേടിയ വിദ്യാർഥികളെ ഇന്ത്യൻ ഇസ്‌ലാമിക് അസോസിയേഷൻ പ്രസിഡന്റ് കെ.ടി അബ്ദുർറഹ്മാൻ, മേഖലാ പ്രസിഡന്റ് എൻ.കെ.എം ശുക്കൂർ, മാനേജിംഗ് കമ്മിറ്റി പ്രസിഡന്റ് കെ.സി അബ്ദുല്ലത്വീഫ്, പി.ടി.എ പ്രസിഡന്റ് ആർ.എസ് അബ്ദുൽ ജലീൽ, കെ.എൻ മുജീബുർറഹ്മാൻ എന്നിവർ അനുമോദിച്ചു .

## ഉംറ യാത്രികർക്ക് സ്വീകരണം

**മനാമ:** കേരള ഇസ്‌ലാമിക് ഗ്രൂപ്പിന് കീഴിൽ വിശുദ്ധ ഉംറ കർമം നിർവഹിച്ച് തിരിച്ചെത്തിയവർക്ക് സ്വീകരണം നൽകി. ഗഫൂളിലുള്ള കെ.ഐ.ജി ഓഡിറ്റോറിയത്തിൽ 'ഉംറക്ക് ശേഷം' എന്ന വിഷയത്തിൽ ജമാൽ നദ്‌വി ഇരിങ്ങൽ മുഖ്യ പ്രഭാഷണം നിർവഹിച്ചു. ഉംറയിലൂടെ നേടിയെടുത്ത ആത്മീയ ചൈതന്യം വരുംകാല ജീവിതത്തിലും മുറുകെ പിടിക്കണമെന്ന് അദ്ദേഹം ഉണർത്തി. ജീവിതത്തിന്റെ മുഴുവൻ മേഖലയിലും വിശുദ്ധിയും ഉയർന്ന ധാർമികബോധവും സൂക്ഷിക്കൽ ഓരോ വിശ്വാസിയുടെയും ബാധ്യതയാണ്. സമൂഹത്തിനും സഹജീവികൾക്കും ഗുണകരമായ രീതിയിൽ മുന്നോട്ട് പോവാൻ ശ്രമിക്കണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. മൗലവി ജുബൈർ അധ്യക്ഷത വഹിച്ചു. ഹജ്ജ് - ഉംറ സെൽ ഏരിയ കൺവീനർ ജാസിർ ഇസ്‌ലാഹി സ്വാഗതവും ഐ.എം സലീം ഖിറാഅത്തും നടത്തി. ഫാത്വിമാ സ്വാലിഹ്, ജമീലാ ഇബ്റാഹീം, ഡോ. മുഹമ്മദ് സമൂൺ കെ.റഹ്മാൻ, സ്വാലിഹ് പയ്യോളി എന്നിവർ തങ്ങളുടെ യാത്രാ അനുഭവങ്ങൾ പങ്കുവെച്ചു.

